**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6328** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഐ.റ്റി.ഡി.പി./ടി.ഡി.ഒ. ഓഫീസുകളിൽ നിശ്ചിത തുക ഇംപ്രസ്റ്റ് മണി ആയി സൂക്ഷിക്കുന്നതിന് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ അപകട മരണം, മറ്റ് അപകടങ്ങൾ എന്നിവയുണ്ടാകുമ്പോൾ അടിയന്തരമായി സാമ്പത്തിക സഹായം നൽകുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | • പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തികസഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിലുള്ള ദുരിതാശ്വാസനിധി.<br><br>ചികിത്സാധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ/ അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ്, പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവ. മെഡിക്കൽ ആഫീസറിൽ നിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.<br><br>പട്ടികവർഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ, പി.ഒ/ടി.ഡി.ഒ-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹു. വകുപ്പ് മന്ത്രിക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>അനുവദിയ്ക്കുന്ന തുക ട്രഷറിയിൽ ബിൽ സമർപ്പിച്ച് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് അനുവദിച്ച് നൽകുന്നത്. |
| (ബി) | ഇത്തരത്തിൽ സാമ്പത്തിക സഹായം കൈമാറുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | പട്ടികവർഗ്ഗക്കാരുടെ ചികിത്സാധനസഹായത്തിനുള്ള അപേക്ഷകൾ |

| | | | |
|---|---|---|---|
| | | | **യഥാസമയം പരിശോധിച്ച് ആനുകൂല്യം അനുവദിച്ചു വരുന്നുണ്ട്.** |
| (സി) | ഇത്തരം അടിയന്തര സാഹചര്യങ്ങളിൽ കാലതാമസം ഒഴിവാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലെ ഐ.റ്റി.ഡി.പി./ ടി.ഡി.ഒ. ഓഫീസുകളിൽ ഒരു നിശ്ചിത തുക ഇംപ്രസ്റ്റ് മണി ആയി സൂക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | **പരിശോധിക്കുന്നതാണ്** |

സെക്ഷൻ ഓഫീസർ